38-ാം ദിവസം

# ആത്മീയചിന്ത ശകലങ്ങൾ

ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. അതിന് ആവശ്യമായത് ആത്മീയമായ ഉൾക്കാഴ്ചയും നടത്തിപ്പും ആണ്. കാണുന്ന പ്രത്യാശയോ അത് യഥാർത്ഥ പ്രത്യാശയല്ല. നാം കാണാത്തതിനായി പ്രത്യാശിക്കുന്നു. അതിന് ക്ഷമയോടെ കാത്തിരിക്കണം. കുരുടന് ഈ ലോകത്തിലെ സർവ്വവും കാണുന്നതിന് കർത്താവ് അന്ധത മാററി കൊടുത്തതുപോലെ, നമ്മുടെ ആത്മീയ അന്ധത മാററി തന്ന്, ആത്മീയലോകത്തെ ദർശിക്കുന്നതിന് വെളിച്ചത്തിൽ നടക്കണം. അതിന് ആത്മാവിൽ നിറഞ്ഞ്, ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് നടന്ന് ദൈവത്തിന്റെ മക്കൾ എന്നറിയപ്പെടണം. അത് നമ്മുടെ ചിന്തകളിലും പ്രവൃത്തികളിലും സമീപനങ്ങളിലും പ്രകടിപ്പിക്കുവാൻ നമുക്ക് കഴിയണം. ആത്മീയ അന്ധത മനസ്സിലാക്കി, കർത്താവിന്റെ വചനങ്ങളെ ആഴത്തിൽ ധ്യാനിച്ച്, പരിശുദ്ധാത്മാവിൽ നിറഞ്ഞ്, കർത്താവിന്റെ സ്പർശനത്താൽ, കാഴ്ച ലഭിച്ച് സകലരെയും ദൈവത്തിന്റെ സൃഷ്ടികളായി കണ്ട് പരസ്പര സ്നേഹത്തിൽ ജീവിച്ച്, ദൈവത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കുവാൻ, ആത്മാവിൽ രാവുംപകലും കർത്താവിന്റെ സന്നിധിയിൽ കാത്തിരിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

**St. Luke 9:18-22; Genesis 41:1-7; 28-34; I Samuel 17:34-51; Zachariah 9:9-17; Acts 21:1-12; Romans 8:12-27; St. Mark 10:32-45**

വലിയ നോമ്പ് 2017